പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:664 29.06.2011- ലെ മറുപടി

## മലപ്പുറം ജില്ലയിൽ കൂടുതൽ കെ.എസ്.ആർ.ടി.സി ബസ് സർവ്വീസുകൾ അനുവദിക്കാൻ നടപടി

ചോദ്യം | ഉത്തരം

ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

ശ്രീ.വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | മലപ്പുറത്ത് പൊതുജനങ്ങളും വിദ്യാർത്ഥികളും നേരിടുന്ന ഗുരുതരമായ യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഡ്രൈവർമാരുടെയും, ബസ്സിന്റെയും കുറവ് കാരണം സർവ്വീസ് റദ്ദ് ചെയ്യേണ്ടി വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.എസ്.ആർ.ടി.സി യുടെ ടൗൺ ടു ടൗൺ സർവ്വീസുകളിൽ ഒഴിച്ച് എല്ലാ ഓർഡിനറി സർവ്വീസുകളിലും നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ജില്ലയിൽ കൂടുതൽ കെ.എസ്.ആർ.ടി.സി ബസ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | സർക്കാരിന്റെ 100 ദിന പരിപാടികളിൽ ഉൾപ്പെടുത്തി മലപ്പുറം ഡിപ്പോ പൊളിച്ചു നീക്കി ബി.ഒ.റ്റി അടിസ്ഥാനത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാൽ നിലവിലുള്ള സാഹചര്യം അനുസരിച്ച് പുതിയ സർവ്വീസുകൾ ആരംഭിക്കുന്നത് ദുഷ്കരമായിരിക്കും. |
| (സി) | ജില്ലയിൽ വിദ്യാർത്ഥികൾക്കായി സ്റ്റുഡൻസ് ഓൺലി ബസ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (സി) | പരിഗണനയിലില്ല. |
| (ഡി) | സ്വകാര്യബസ്സ് ജീവനക്കാരും വിദ്യാർത്ഥികളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനും വിദ്യാർത്ഥികൾക്ക് യാത്രാ വേളയിൽ മാന്യമായ പരിഗണന | (ഡി) | സ്വകാര്യ ബസ്സ് ജീവനക്കാരും വിദ്യാർത്ഥികളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനും കുട്ടികൾക്ക് മാന്യമായ പരിഗണന ലഭിക്കുന്നതിനുമായി എല്ലാ |

| | | | |
|---|---|---|---|
| | ലഭിക്കുന്നതിനും എന്തൊക്കെ നടപടി കൈക്കൊള്ളുമെന്ന് വ്യക്തമാക്കാമോ? | | ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ കൺവീനറുമായി സ്റ്റുഡന്റ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റികളുണ്ട്. വർഷാരംഭത്തിൽ തന്നെ കമ്മിറ്റി വിളിച്ചു ചേർക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ